**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **4547** — **25.06.2019**-ൽ മറുപടിയ്ക്ക്

**കരിഞ്ചോല മലയിലെ അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച അന്വേഷണം**

ചോദ്യം :

ശ്രീ. എൻ. ഷംസുദ്ദീൻ

മറുപടി :

ശ്രീ. ഇ. ചന്ദ്രശേഖരൻ

റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിലെ കരിഞ്ചോല മലയിൽ കഴിഞ്ഞവർഷം ഉരുൾ പൊട്ടി 14 പേർ മരിച്ച സംഭവത്തെ തുടർന്ന് അവിടുത്തെ അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിൽപ്പെട്ട കരിഞ്ചോലമലയിൽ 14.06.2018-ന് ഉരുൾപൊട്ടി 14 പേർ മരണപ്പെടുകയുണ്ടായി. മേൽ സാഹചര്യത്തിൽ സംഭവസ്ഥലം പരിശോധിച്ച് സമഗ്ര അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോഴിക്കോട് സബ് കളക്ടർ കൺവീനറും, ജലവിഭവവികസന വിനിയോഗ കേന്ദ്രം ഡയറക്ടർ, ജില്ലാ ജിയോളജിസ്റ്റ്, ജില്ലാ മണ്ണ് പര്യവേഷണ ഓഫീസർ, ഭൂഗർഭ ജലവകുപ്പ് ജില്ലാ ഓഫീസർ, ജില്ലാ നഗരാസൂത്രകൻ, റൂറൽ ജില്ലാ പോലീസ് സൂപ്രണ്ട്, ഹസാർഡ് അനലിസ്റ്റ് എന്നിവർ അംഗങ്ങളുമായ ഒരു അന്വേഷണ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. |
| (ബി) | ഇത് സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. മേൽ റിപ്പോർട്ട് പ്രകാരം അസാധാരണമായ കനത്ത മഴ, മുകളിൽ നിന്നും പാറ അടർന്നു വീഴൽ, കുത്തനെയുള്ള ചരിഞ്ഞ ഭൂപ്രകൃതി, കട്ടി കുറഞ്ഞ മേൽ മണ്ണും അതിലെ കളിമണ്ണിന്റെ സാന്നിദ്ധ്യവും, വിള്ളലുള്ള പാറകൾ, കുന്നിൻ ചെരുവിലെ റോഡ് നിർമ്മാണം, ഭൂമി നിരപ്പാക്കൽ, സ്വാഭാവിക നീരൊഴുക്കിനുണ്ടായ തടസ്സം തുടങ്ങിയ വിവിധ കാരണങ്ങൾ ഉരുൾപൊട്ടലിന് ഹേതുവായിട്ടുണ്ട്. പരിശോധനാ സംഘത്തിന് തടയണയുടെയോ, വാട്ടർ ഹാർവസ്റ്റിംഗ് സ്ട്രക്ചറിന്റെയോ അവശിഷ്ടങ്ങൾ കാണാൻ സാധിച്ചിട്ടില്ലെന്നും ഉരുൾപൊട്ടലിന് മുമ്പ് ഇവ പ്രസ്തുത സ്ഥലത്ത് ഉണ്ടായിരുന്നോ എന്ന് |

| | | | |
|---|---|---|---|
| | | | ഉപഗ്രഹ ഡേറ്റാ ലഭ്യമാണെങ്കിൽ അത് പരിശോധിച്ചാലേ മനസ്സിലാകൂ എന്നും റിപ്പോർട്ട് ചെയ്യുകയും വിശദമായ അന്വേഷണത്തിനായി ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം (NCESS) തുടങ്ങിയ ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്താവുന്നതാണെന്നും ശുപാർശ ചെയ്യുകയുമുണ്ടായി. |
| (സി) | പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ വിശദവിവരം നൽകുമോ? | (സി) | റിപ്പോർട്ട് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

ശ്രീ